**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട്, കരിമ്പ പഞ്ചായത്തുകളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാമോ? | (എ) | കോങ്ങാട് നിയോജകമണ്ഡലത്തിൽ കോങ്ങാട് , കരിമ്പ പഞ്ചായത്തുകളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന 23.80 കോടി രൂപയുടെ കുടിവെള്ള പദ്ധതി 3 പാക്കേജുകളായിയാണ് നടപ്പിലാക്കിയിരിക്കുന്നത്.<br><br>പാക്കേജ് 1: 12 എം.എൽഡി ജലശുദ്ധീകരണ ശാല, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ- പ്രവൃത്തി പൂർത്തീകരിച്ചു.<br><br>പാക്കേജ് 2: കരിമ്പ പഞ്ചായത്തിലെ പാറയ്ക്കൽ 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്- പ്രാഥമിക കരാറുകാരന്റെ നഷ്ടോത്തരവാദിതത്തിൽ രണ്ട് തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പ്രവൃത്തി റദ്ദാക്കി Jal Jeevan Mission-ൽ ഉൾപ്പെടുത്തിയതായി പദ്ധതി നിർവഹണ ഏജൻസി ആയ KWA റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പാക്കേജ് 3: NH 966 ൽ തുപ്പനാട് മുതൽ കല്ലടിക്കോട് ടി.ബി ജംഗ്ഷൻ വരെ പൈപ്പ് സ്ഥാപിക്കുന്നത് - NH 966 ൽ തുപ്പനാട് മുതൽ കല്ലടിക്കോട് ടി.ബി ജംഗ്ഷൻ വരെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ദേശീയപാത അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി 30.11.2022-ന് പ്രവൃത്തി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ